**കേരള കാർഷികസർവ്വകലാശാല**

**നോട്ടീസ്**

നം. KAUEDU/1068/2025-EDU B3 തീയ്യതി. വെള്ളാനിക്കര, 02-12-2025

കേരള കാർഷിക സർവ്വകലാശാല – വിദ്യാഭ്യാസം - 2025-26 അധ്യയന വർഷത്തെക്കുള്ള ഡിപ്ലോമ പ്രോഗ്രാമുകളിലെ സ്പോട്ട് അഡ്മിഷൻ - സംബന്ധിച്ച്.

കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന അഗ്രികൾച്ചറൽ സയൻസസ്, ഓർഗാനിക് അഗ്രികൾച്ചർ എന്നീ ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിൽ 2025-26 അധ്യയന വർഷത്തിൽ താഴെ പറയുന്ന കോളേജുകളിൽ ഒഴിവുകൾ നിലവിലുണ്ട്.

| **കോളേജുകളുടെ പേര്** | **ഒഴിവുകളുടെ എണ്ണം** |
|---|---|
| IAT&RARS, പട്ടാമ്പി | 11 |
| CoA, വെള്ളായണി | 4 |
| ORARS,കായംകുളം | 4 |

**മേൽ ഒഴിവുകളിലേക്ക് പ്രവേശനം നേടുന്നതിനായി സർവ്വകലാശാല പ്രസിദ്ധീകരിച്ച നിലവിലെ റാങ്ക് പട്ടികയിലുൾപ്പെട്ടതോ KEAM-2025 റാങ്ക് പട്ടികയിലുൾപ്പെട്ടതോ ആയവർക്ക് അവസരം.**

<u>പ്രവേശന തീയ്യതിയും സമയവും</u>

തീയ്യതി : 05/12/2025 വെള്ളിയാഴ്ച

സമയം :11.00 AM

സ്ഥലം :Directorate of Education, Kerala Agricultural University
Old Headquarters Building, Vellanikkara,Thrissur

റിപ്പോർട്ടിങ്ങ് സമയം : രാവിലെ 10.30 AM.

അപേക്ഷകർ പ്രവേശനത്തിനായി അടിസ്ഥാന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ സർവ്വകലാശാല നിർദ്ദേശിക്കുന്ന താഴെ പറയുന്ന രേഖകളുടെ ഒറിജിനൽ/പകർപ്പുകൾ സഹിതം ഹാജരാകേണ്ടതാണ്.

**ഹാജരാക്കേണ്ട രേഖകൾ (Original + Copy)**

1. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് — പ്ലസ് ടു മാർക്ക് ലിസ്റ്റ് ഉൾപ്പെടെ.
2. KEAM-2025 സ്കോർ കാർഡ് (കാർഷിക സർവ്വകലാശാല പ്രസിദ്ധീകരിച്ച നിലവിലെ റാങ്ക് പട്ടികയിലുൾപ്പെടാത്തവർ മാത്രം)
3. ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
4. ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് — അസിസ്റ്റൻറ് സർജൻ റാങ്കിൽ താഴെയല്ലാത്ത ഒരു ഗവൺമെന്റ് മെഡിക്കൽ ഓഫീസർ നല്കിയിരിക്കണം.
5. Non- creamy Layer Certificate (NCLC) — SEBC വിഭാഗങ്ങളിലുള്ള (ഈഴവ, മുസ്ലിം, Other

Backward Hindu, LC, വിശ്വകർമ, മുതലായ) അപേക്ഷകർ സമർപ്പിക്കണം.

6. PwD വിഭാഗത്തിന് — അർഹത തെളിയിക്കുന്നതിന് അധികാരപ്പെട്ട മെഡിക്കൽ ബോർഡ് നല്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്.
7. ട്രാൻഫർ സർട്ടിഫിക്കറ്റും(TC) കണ്ടക്റ്റ് സർട്ടിഫിക്കറ്റും(Conduct Certificate)— അവസാനമായി പഠിച്ച സ്ഥാപനത്തിൽ നിന്നുള്ളത്.
8. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (Migration Certificate).
9. ആധാർ കാർഡ്
10. വരുമാന സർട്ടിഫിക്കറ്റ് — EWS വിഭാഗത്തിലെ അപേക്ഷകർ സമർപ്പിക്കണം.

മുകളിൽ പറഞ്ഞ രേഖകൾ സമർപ്പിക്കാതിരിക്കുകയോ, പ്രവേശന ഫീസ് (2205/- രൂപ -G Pay സംവിധാനം ലഭ്യമാണ്) അടയ്ക്കാതിരിക്കുകയോ ചെയ്യുന്നവർക്ക യാതൊരു അറിയിപ്പും കൂടാതെ പ്രവേശനം നഷ്ടമാകും.

ഇത് സംബന്ധമായ കൂടുതൽ അന്വേഷണങ്ങൾക്ക് 0487–2438139 എന്ന നമ്പറിൽ (ഓഫീസ് സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ മുഖേനയുള്ള അന്വേഷണങ്ങൾക്ക് diredu@kau.in എന്ന വിലാസത്തിൽ അറിയിക്കാവുന്നതാണ്.

Dr. KUNHAMU T K
DIRECTOR OF EDUCATION